## നീതിവേദി പീസ് ഫോറം





പരസ്പര വിശ്വാസവും സൗഹൃദവും ശക്തിപ്പെടുത്തി പൊതുസമൂഹത്തിന് ശാന്തിയും സമാധാനവും അനുഭവിക്കാൻ ക്രിയാത്മകമായ ഇടപെടലുകൾ നടത്തുക എന്നതാണ് നീതിവേദി പീസ് ഫോറത്തിന്റെ ഉദ്ദേശം. പഞ്ചായത്ത്/മുൻസിപ്പാലിറ്റി തലത്തിലുള്ള പീസ് കമ്മിറ്റി പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് ജില്ലാതലത്തിൽ പ്രവർത്തനപദ്ധതികൾ ആവിഷ്ക്കരിക്കാനാണ് പീസ് ഫോറം ശ്രമിച്ചു വരുന്നത്.

## യുവജന സൗഹൃദ ക്ലബ്ബുകൾ



ആദിവാസി യുവജനങ്ങളെ ഒരുമിച്ച് ചേർത്ത് ആത്മ വിശ്വാസവും നേതൃത്വപാഠവവും വർദ്ധിപ്പിച്ച് സൗഹൃദത്തിലും കൂട്ടായ്മയിലും ജീവിക്കുവാൻ സജ്ജരാക്കുക എന്ന ഉദ്ദേശത്തോടെയാണ് പ്രാദേശിക തലങ്ങളിൽ യുവജന സൗഹൃദ ക്ലബ്ബുകൾ ആരംഭിച്ചിരിക്കുന്നത്. കൂടുതൽ ഫലങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് സമൂഹത്തിനും സമുദായത്തിനും അഭിമാനമായിതീരാൻ യുവജനങ്ങളെ പ്രചോദിപ്പിക്കുവാനായി **'കതിർ'** എന്നപേരിൽ വിവിധ പരിപാടികൾ നടത്തിവരുന്നു.

## വിദ്യാർത്ഥി സൗഹൃദ ക്ലബ്ബുകൾ



ജീവിത സാഹചര്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കാനും തങ്ങളിലെ പ്രതിഭ കണ്ടെത്താനും വ്യത്യസ്തതകളെ അംഗീകരിക്കാനും കലാനൈപുണ്യവും നേതൃത്വപാഠവവും മൂല്യബോധവുമുള്ള പൗരന്മാരായി വളരാനും ആദിവാസി വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രാദേശിക തലങ്ങളിൽ വിദ്യാർത്ഥി സൗഹൃദ ക്ലബ്ബുകൾക്ക് രൂപം നൽകിയിരിക്കുന്നത്. കുട്ടികളിൽ അന്തർലീനമായിട്ടുള്ള കഴിവുകൾവളർത്തിയെടുക്കാൻ ജില്ലാ തലത്തിൽ **'കനൽ'** ക്യാമ്പുകളും നടത്തിവരുന്നു.

## വനിതാ സൗഹൃദ ക്ലബ്ബുകൾ





ഒരു പ്രദേശത്തെ വനിതകൾക്ക് ജാതി-മത രാഷ്ട്രീയ വ്യത്യാസങ്ങൾക്കതീതമായി പരസ്പരം പങ്കുവെയ്ക്കാനും, സൗഹൃദം പോഷിപ്പിക്കാനും മാനസിക ഉല്ലാസത്തിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കാനും വേണ്ടി വനിതാ സൗഹൃദ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു.

### പ്രധാന പ്രവർത്തനങ്ങൾ

* നിയമ ബോധവത്ക്കരണം
* നിയമ സഹായം
* മനുഷ്യാവകാശ സംരക്ഷണം
* കൗൺസിലിംഗ്
* ലീഗൽ ക്ലിനിക്കുകൾ
* വനിതാ സൗഹൃദ ക്ലബ്ബുകൾ
* യുവജന സൗഹൃദ ക്ലബ്ബുകൾ
* വിദ്യാർത്ഥി സൗഹൃദ ക്ലബ്ബുകൾ
* ഗവേഷണ പഠനങ്ങൾ
* ഡോക്യുമെന്റേഷൻ
* കലാസാംസ്കാരിക പരിപോഷണം
* തർക്ക പരിഹാരവും മീഡിയേഷനും


**നീതിവേദി**

പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസ് റോഡ്, സിവിൽ സ്റ്റേഷൻ

കൽപ്പറ്റ നോർത്ത്, വയനാട് – 673 122

ഫോൺ: 04936 246 788, 9496197378

ടെലി കൗൺസിലിംഗ് – 7012126930

E-mail : neethivedhi@gmail.com
Web: www.neethivedhi.org


JUSTICE IS NOT A FAVOUR
Neethi Vedhi
JUSTICE IS A RIGHT

# നീതിവേദി

*നീതി ഔദാര്യമല്ല...*
*അവകാശമാണ്...*



# നീതിവേദി



## നീതിക്കായ് ഒരു കൈത്തിരി

നീതിക്കും മനുഷ്യാവകാശങ്ങൾക്കും വേണ്ടിയുള്ള പോരാട്ടത്തിൽ അരികുചേർക്കപ്പെട്ടവരും ചൂഷണങ്ങൾക്ക് വിധേയരാക്കപ്പെട്ടവരുമായ ആദിവാസികൾ, ദളിതർ, സ്ത്രീകൾ, കുട്ടികൾ, മറ്റ് ദുർബ്ബലവിഭാഗങ്ങൾ എന്നിവർക്ക് പിന്തുണ നൽകാൻ 2003 ൽ വയനാട് ജില്ലയിൽ ആരംഭിച്ച മനുഷ്യാവകാശ സംരംഭമാണ് നീതിവേദി. പീഡനങ്ങളും ചൂഷണങ്ങളും അതിജീവിക്കുന്നവരോടൊപ്പം നിന്ന് മനുഷ്യമഹത്വത്തെ ഉയർത്തിപ്പിടിക്കുക എന്നതാണ് നീതിവേദിയുടെ ദൗത്യം. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ അവകാശങ്ങൾ ഉറപ്പാക്കാൻ നിലവിലുള്ള നിയമസംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗിക്കാനും അവകാശാധിഷ്ഠിത സമീപനത്തോടെ ഭരണകർത്താക്കളോടും ഉദ്യോഗസ്ഥരോടും ഇടപെടാനും ആളുകളെ പിന്തുണയ്ക്കാനും നീതിവേദി ശ്രമിച്ചുവരുന്നു.

## നീതിക്കുവേണ്ടി നിയമവീഥിയിലൂടെ



"നീതി ഔദാര്യമല്ല അവകാശമാണ്" എന്ന ആപ്തവാക്യത്തിന്റെ അടിസ്ഥാനത്തിൽ സമൂഹത്തിൽ നീതി നിഷേധിക്കപ്പെട്ടവർക്ക് നിയമസഹായം നൽകുക എന്നതാണ് നീതിവേദിയുടെ മുഖ്യധർമ്മം. ഇതിനായി കോടതികൾ, വിവിധ സർക്കാർ വകുപ്പുകൾ, മറ്റ് സംവിധാനങ്ങൾ എന്നിവയെ സമീപിക്കാൻ നീതിവേദി ബന്ധപ്പെട്ടവരെ സഹായിക്കുന്നു. ഇതിനായി അഭിഭാഷകരുടെ സേവനം നീതിവേദിയിൽ ലഭ്യമാണ്. പാരാലീഗൽ പ്രവർത്തകരിലൂടെ ആവശ്യമായ വിവരങ്ങൾ ശേഖരിക്കുവാനും കക്ഷികളുമായി ബന്ധപ്പെടുവാനും നിയമസഹായ സാധ്യതകൾ അർഹരായവരിൽ എത്തിക്കുവാനും നീതിവേദി ശ്രമിക്കുന്നു.





## ബോധവൽക്കരണ ക്ലാസ്സുകളും ലീഗൽക്ലിനിക്കുകളും



നിയമത്തിന്റെ പ്രയോജനം ഫലപ്രദമായി ലഭിക്കാത്തവരെ മുന്നിൽകണ്ട് അവരിലേക്ക് ഇറങ്ങിച്ചെന്ന് സർക്കാർ സംവിധാനങ്ങളും, മറ്റു സംഘടനകളുമായി സഹകരിച്ച് ആദിവാസി ഊരുകളിലും, പഞ്ചായത്ത് തലത്തിലും നിയമബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു. വിവിധ പ്രശ്നങ്ങൾ അനുഭവിക്കുന്നവരെ നേരിൽക്കണ്ട് നിയമസഹായം ചെയ്യുന്നതിന് വിവിധ സമിതികളുടെ സഹായത്തോടെ ലീഗൽ ക്ലിനിക്കുകളും അദാലത്തുകളും സംഘടിപ്പിക്കുന്നു. പുതിയ നിയമങ്ങളും സർക്കാർ ഉത്തരവുകളും കോടതിവിധികളും ഉൾപ്പെടുത്തിക്കൊണ്ട് ലഘുലേഖകൾ തയ്യാറാക്കുന്നു.

## സാന്ത്വന സൗഹൃദമായി 'പരിഹാര'



മാനസിക സംഘർഷം, അവകാശങ്ങൾക്കായി പൊരുതാനുള്ള കരുത്തില്ലായ്മ എന്നിവ അനുഭവിക്കുന്നവർക്കും ചൂഷണങ്ങളും, പീഢനങ്ങളും നേരിടുന്നവർക്കും സാന്ത്വനവും ശക്തിയും പകരാനും പ്രതിസന്ധികളിൽ പിന്തുണയേകാനുമായി സാന്ത്വനസൗഹൃദ ഇടപെടൽ (Human Right Befriending) നീതിവേദിയുടെ കൗൺസിലിംഗ് വിഭാഗം തുടർച്ചയായി നടത്തിവരുന്നു. ആവശ്യമുള്ളവർക്ക് ഫോണിലൂടെയുള്ള ടെലികൗൺസിലിംഗും ലഭ്യമാണ്.

## സേവനദാതാവായി നീതിവേദി



ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ കേരള വനിതാ - ശിശു വികസന വകുപ്പിന്റെ അംഗീകാരമുള്ള സേവനദാതാവെന്ന നിലയിൽ 2008 മുതൽ നീതിവേദി പ്രവർത്തിച്ചുവരുന്നു. സ്ത്രീസൗഹൃദ നിയമങ്ങളെപ്പറ്റി ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിക്കുക, നിയമ സഹായവും കൗൺസിലിംഗും നൽകുക എന്നിവ നീതിവേദിയുടെ ചുമതലയാണ്.

## തർക്ക പരിഹാരവും സമാധാന പുനഃസ്ഥാപനവും





കുടുംബങ്ങളിലും, സമൂഹത്തിൽ പൊതുവിലും, സമാധാനം നിലനിർത്താനും, ശക്തിപ്പെടുത്താനും അനുരഞ്ജനത്തിലൂടെ തർക്ക പരിഹാരം സാധ്യമാക്കാനും, നിയമങ്ങളുടെയും വസ്തുതകളുടെയും അടിസ്ഥാനത്തിൽ നിഷ്പക്ഷമായ ഇടപെടലുകൾ നടത്താനും പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലങ്ങളിൽ സമാധാന കമ്മിറ്റികൾ (Peace Committee) പ്രവർത്തിച്ചു വരുന്നു. മീഡിയേഷനിലൂടെ പ്രശ്നങ്ങൾ പരിഹരിക്കുക, ബന്ധങ്ങൾ പുനഃസ്ഥാപിക്കുക എന്നതാണ് ലക്ഷ്യം.